**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1873** **15-03-2022 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കൗൺസിൽ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്പോർട്സ് കൗൺസിൽ ഓഫീസുകളിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള 14 ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ, വയനാട് എന്നീ 6 ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസുകൾ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ കാസർഗോഡ് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിൽ മധൂർ പഞ്ചായത്തിലെ ഉദയഗിരിയിൽ സ്വന്തം കെട്ടിടനിർമ്മാണം നടന്നുവരുന്നു. |
| (ബി) | വാടക കെട്ടിടങ്ങളിൽ പ്രവർത്തിയ്ക്കുന്നവയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | നിലവിൽ പരിഗണനയിലില്ല |
| (സി) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി എത്ര പരിശീലകരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്ന പരിശീലകരുടെ വിശദാംശം ലഭ്യമാക്കാമോ; അതിൽ എത്ര തസ്തികകളാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നത്; | (സി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ വിവിധ കായികയിനങ്ങളിലായി 143 സ്ഥിരം പരിശീലകരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്. ഇതിൽ 91 പരിശീലകർ നിലവിൽ ജോലിചെയ്യുന്നുണ്ട്. ശേഷിക്കുന്ന 52 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. |
| (ഡി) | സ്പോർട്സ് കൗൺസിൽ പുതുതായി പരിശീലകരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | (ഡി) | ഉണ്ട്. വിവിധ കായികയിനങ്ങളിലെ പരിശീലക തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ